I/6433/2023

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : M.G. RAJAMANICKAM IAS)**

സംഗ്രഹം

വിഷയം : തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഓൺലൈൻ പൊതു സ്ഥലം മാറ്റം - അനുകമ്പാർഹം/പ്രത്യേക മുൻഗണനകൾ - അർഹരായവർക്ക് മുൻഗണനാ ക്രമവും മാനദണ്ഡങ്ങളും നിശ്ചയിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

ഉത്തരവ് നമ്പർ: LSGD/PD/1224/2023-DED1-Part(1) തീയതി: 13-04-2023

പരാമർശം:
1) സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017 ഉഭപവ തീയതി 25/02/2017
2) സർക്കാർ ഉത്തരവ്(കൈ) നം.79/2023/തസ്വഭവ തീയതി 22/03/2023
3) പ്രിൻസിപ്പൽ ഡയറക്ടറുടെ എൽഎസ്ജിഡി/പിഡി/1224/2023- ഡിഇഡി1 നമ്പർ സർക്കുലർ.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പൊതു മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സൂചന(1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവികൾ നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലം മാറ്റത്തിന് സൂചന(2) പ്രകാരം മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ പരാമർശിക്കുന്ന അനുകമ്പാർഹമായ കാരണങ്ങളാലും പ്രത്യേക മുൻഗണനകളാലും അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് താഴെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഒന്നിലധികം മുൻഗണനകൾ/അനുകമ്പാർഹമായ കാരണങ്ങൾ അവകാശപ്പെടുന്ന വ്യക്തിയെ അതിൽ ഏറ്റവും കൂടുതൽ മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ മാത്രം ഉൾപ്പെടുത്തി പരിഗണിക്കുന്നതാണ്. ഒന്നിലധികം ജീവനക്കാർക്ക് ഒരേ മാർക്ക് ലഭ്യമാകുന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കേണ്ടതും കൂടുതൽ സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാരന് മുൻഗണന നൽകേണ്ടതുമാണ്. മുൻഗണന/ അനുകമ്പാർഹ പരിഗണനകളോടൊപ്പം സ്റ്റേഷൻ സീനിയോറിറ്റിയും തുല്യമാകുന്ന സംഗതികളിൽ കൂടുതൽ സർവ്വീസ് സീനിയോറിറ്റി ഉള്ള ജീവനക്കാരന് മുൻഗണന നൽകുന്നതാണ്.

**അനുകമ്പാർഹമായ കാരണങ്ങൾ**

അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് അർഹരാകുന്ന ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം മുൻഗണന നിശ്ചയിക്കുന്നതാണ്.

| **ക്രമ നമ്പർ** | **വിഭാഗം** | **മാർക്ക്** |
|---|---|---|
| 1 | നിലവിൽ ചികിത്സ തുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച **വ്യക്തിക്ക്** (ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ നടത്തിയവർ, പക്ഷാഘാതം, അവയവമാറ്റം/ | 95 |

I/6433/2023

| | | |
|---|---|---|
| | അവയവദാനം നടത്തിയവർ) | |
| 2 | അപകടം മൂലം സ്ഥായിയായ അവശത സംഭവിച്ച **വ്യക്തിക്ക്** (പരസഹായം വേണ്ടിവരുന്നവർ) | 90 |
| 3 | വിദഗ്ധചികിത്സ മറ്റൊരിടത്തും ലഭ്യമല്ലാത്ത **വ്യക്തിക്ക്** (മെഡിക്കൽ സർട്ടിഫിക്കറ്റ്) | 85 |
| 4 | a. ക്രമ നമ്പർ ഒന്നിൽ ഉൾപ്പെടാത്ത ഹൃദ്രോഗ ബാധിതരായ **വ്യക്തി,**<br>b. ക്രമ നമ്പർ ഒന്നിൽ ഉൾപ്പെടാത്ത മുമ്പ് ക്യാൻസർ ബാധിതനും ഇപ്പോൾ ഫോളോഅപ്പ് ചെയ്തുകൊണ്ടിരിക്കുന്നതുമായ **വ്യക്തി** | 80 |
| 5 | അപേക്ഷകന്റെ ആശ്രിതനായിട്ടുള്ള നിലവിൽ ചികിത്സതുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച **ഭാര്യ/ഭർത്താവ്/മകൻ/മകൾ** (ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ നടത്തിയവർ, പക്ഷാഘാതം, അവയവമാറ്റം/ അവയവദാനം നടത്തിയവർ) | 75 |
| 6 | അപേക്ഷകന്റെ ആശ്രിതനായിട്ടുള്ള, അപകടം മൂലം സ്ഥായിയായ അവശത സംഭവിച്ച **ഭാര്യ/ഭർത്താവ്/ മകൻ/മകൾ** (പരസഹായം വേണ്ടിവരുന്നവർ) | 70 |
| 7 | അപേക്ഷകന്റെ ആശ്രിതനായിട്ടുള്ള വിദഗ്ധചികിത്സ മറ്റൊരിടത്തും ലഭ്യമല്ലാത്ത **ഭാര്യ/ഭർത്താവ്/ മകൻ/മകൾ** (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) | 65 |
| 8 | a. അപേക്ഷകന്റെ ആശ്രിതനായിട്ടുള്ള ഹൃദ്രോഗ ബാധിതരായ **ഭാര്യ/ഭർത്താവ്/ മകൻ/മകൾ,**<br>b. അപേക്ഷകന്റെ ആശ്രിതനായിട്ടുള്ള മുമ്പ് ക്യാൻസർ ബാധിതനും ഇപ്പോൾ ഫോളോഅപ്പ് ചെയ്തുകൊണ്ടിരിക്കുന്നതുമായ **ഭാര്യ/ഭർത്താവ്/ മകൻ/മകൾ**<br>c. ഗുരുതര രോഗം പിടിപെട്ട് ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ ഭാര്യക്കോ ഭർത്താവിനോ മകനോ മകൾക്കോ ജീവനക്കാരന്റെ/ ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണമാവശ്യമാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ | 60 |
| 9 | a. ഗർഭിണിയായ ജീവനക്കാരി | 55 |
| | b. മുലയൂട്ടുന്ന അമ്മമാർ (കുട്ടി ജനിച്ച് 2 വർഷം വരെ) | 50 |
| | c. വിവാഹമോചിതരായ (സിംഗിൾ പേരന്റ് ആയിട്ടുള്ള) വനിതകൾ | 45 |
| | d. വിധവകളായിട്ടുള്ള (സിംഗിൾ പേരന്റ് ആയിട്ടുള്ള) വനിതകൾ | 40 |
| | e. 45 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 35 |
| | അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന, നിലവിൽ ചികിത്സതുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച **മാതാവ്/പിതാവ്** (ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ | |

| | | |
|---|---|---|
| 10 | നടത്തിയവർ, പക്ഷാഘാതം, അവയവമാറ്റം/അവയവദാനം നടത്തിയവർ) | 30 |
| 11 | അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന അപകടം മൂലം സ്ഥായിയായ അവശത സംഭവിച്ച **മാതാവ്/പിതാവ്** (പരസഹായം വേണ്ടിവരുന്നവർ) | 25 |
| 12 | അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന വിദഗ്ധചികിത്സ മറ്റൊരിടത്തും ലഭ്യമല്ലാത്ത **മാതാവ്/പിതാവ്** (മെഡിക്കൽ സർട്ടിഫിക്കറ്റ്) | 20 |
| 13 | a. അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന ഹൃദ്രോഗ ബാധിതരായ **മാതാവ്/പിതാവ്**<br>b. അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന മുമ്പ് ക്യാൻസർ ബാധിതനും ഇപ്പോൾ ഫോളോഅപ്പ് ചെയ്തുകൊണ്ടിരിക്കുന്നതുമായ **മാതാവ്/പിതാവ്**<br>c. രോഗം പിടിപെട്ട് ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്നതുമായ മാതാവിനോ പിതാവിനോ ജീവനക്കാരന്റെ/ ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണമാവശ്യമാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ | 15 |

**പ്രത്യേക മുൻഗണന**

പ്രത്യേക മുൻഗണന പ്രകാരം സ്ഥലംമാറ്റത്തിന് താഴെ പറയുന്ന വിഭാഗത്തിൽ പെടുന്ന ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

1. സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയരായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy)
2. വികലാംഗരായ ജീവനക്കാർ
3. അന്ധരായ ഉദ്യോഗസ്ഥർ, മൂകരും ബധിരരുമായ ജീവനക്കാർ
4. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ.
5. ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ
6. ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ.
7. 50% ന മുകളിൽ വികലാംഗത്വം ഉള്ള കുട്ടികളുടെ മാതാപിതാക്കൾ, 40%ത്തിൽ കുറയാത്ത കാഴ്ചാ വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ.
8. പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ട ജീവനക്കാർ
9. വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹ മോചിതർ
10. മാനസിക പ്രശ്നമുള്ളവർ (Mental Disability)
11. അംഗീകൃത സർവ്വീസ് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി
12. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ.
13. യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
14. ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
15. അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന

I/6433/2023

ഉദ്യോഗസ്ഥരുടെ ബന്ധു( ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)

16. സൈനിക സേവനത്തിനിടെ 40% മുകളിൽ അംഗവൈകല്യം സംഭവിച്ച് ഡിസെബിലിറ്റി പെൻഷനർ ആയി വിരമിച്ച ജവാന്റെ ഭാര്യ/ഭർത്താവ്.
17. മിശ്രവിവാഹിതർ
18. സ്വാതന്ത്ര്യസമര സേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ
19. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ
20. പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്.
21. ഭാര്യയും ഭർത്താവും സർക്കാർ ജോലിക്കാരായിട്ടുള്ള ജീവനക്കാർ.

മേൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം മുൻഗണന നിശ്ചയിക്കുന്നതാണ്.

| ക്രമ നമ്പർ | വിഭാഗം | മാർക്ക് |
|---|---|---|
| 1 | പരസഹായമോ, യന്ത്രസഹായമോ ആവശ്യമുള്ള ചലന വൈകല്യമുള്ളവർ. 60 ശതമാനത്തിലധികം ലോക്കോമോട്ടീവ് ഡിസെബിലിറ്റിയുള്ളവർ, 60 ശതമാനത്തിലധികം വികലാംഗർ ആയവർ. | 90 |
| 2 | ബധിരർ, മൂകർ, അന്ധർ (60 ശതമാനത്തിലധികം) ആയവർ | 85 |
| 3 | ബുദ്ധിമാന്ദ്യം ഉള്ള കുട്ടികളുടെ മാതാപിതാക്കൾ/ ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ, ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ | 80 |
| 4 | 50 ശതമാനം മുതൽ 60 ശതമാനം വരെ ലോക്കോ മോട്ടീവ് ഡിസെബിലിറ്റി ഉള്ളവർ , 50 ശതമാനം മുതൽ 60 ശതമാനം വരെ അന്ധരോ ബധിരരോ മൂകരോ ആയവർ | 75 |
| 5 | ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ/ 50 ശതമാനത്തിന് മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ, 40 ശതമാനത്തിൽ കുറയാത്ത കാഴ്ചാ വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ | 70 |
| 6 | 50 ശതമാനത്തിൽ താഴെ ലോക്കോമോട്ടീവ് ഡിസെബിലിറ്റിയുള്ള വികലാംഗർ, 50 ശതമാനത്തിൽ താഴെ അന്ധരോ, ബധിരരോ, മൂകരോ ആയവർ | 65 |
| 7 | a. ഭേദപ്പെട്ട കുഷ്ഠം,<br>b. അസാധാരണമായ പൊക്കക്കുറവ്<br>c. ആസിഡ് ആക്രമണത്തിന് ഇരയായവർ<br>d. പേശി സംബന്ധമായ അസുഖങ്ങൾ ഉള്ളവർ (muscular dystrophy) | 60 |

| | | |
|---|---|---|
| 8 | പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ | 55 |
| 9 | വിധവകൾ/ വിഭാര്യർ/ പുനർ വിവാഹം ചെയ്യാത്ത വിവാഹ മോചിതർ | 50 |
| 10 | മാനസിക പ്രശ്നമുള്ളവർ | 45 |
| 11 | അംഗീകൃത സർവ്വീസ് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി | 40 |
| 12 | യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ, ജവാന്റെ **ഭാര്യ/ഭർത്താവ്/ മകൻ/മകൾ/മാതാവ്/പിതാവ്** അർദ്ധസൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ **ഭാര്യ/ഭർത്താവ്/ മകൻ/മകൾ/മാതാവ്/ പിതാവ്,** സൈനിക സേവനത്തിനിടെ 40 ശതമാനത്തിനു മുകളിൽ അംഗവൈകല്യം സംഭവിച്ച് ഡിസെബിലിറ്റി പെൻഷനർ ആയി വിരമിച്ച ജവാന്റെ ഭാര്യ / ഭർത്താവ് | 35 |
| 13 | മിശ്ര വിവാഹിതർ | 30 |
| 14 | സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ | 25 |
| 15 | നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ | 20 |
| 16 | പ്രവാസിയുടെ ഭാര്യ/ഭർത്താവ് | 15 |
| 17 | ഭാര്യയും ഭർത്താവും സർക്കാർ ജോലിക്കാരായിട്ടുള്ള ജീവനക്കാർ. | 10 |

മേൽപറഞ്ഞവ കൂടാതെ മുൻഗണന അർഹിക്കുന്ന ചുവടെ പറയുന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിനായി പ്രത്യേക പട്ടികകൾ തയ്യാറാക്കുന്നതാണ്.

<u>പട്ടിക-1</u>

| **വിഭാഗം** | **മാർക്ക്** |
|---|---|
| **a.** പ്രസവാവധിയിൽ നിന്നും മടങ്ങിവരുന്ന വനിത ജീവനക്കാർ | |

| | |
|---|---|
| b. കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായ വനിത ജീവനക്കാർ | 40 |

–

<u>പട്ടിക-2</u>

| വിഭാഗം | മാർക്ക് |
|---|---|
| സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് രണ്ട് വർഷത്തിൽ താഴെ സർവ്വീസ് ഉള്ള ജീവനക്കാർ | ടി ജീവനക്കാരിൽ സേവനത്തിൽ നിന്നും പിരിയുന്നതിന് കുറഞ്ഞ കാലയളവുള്ള ജീവനക്കാരന് മുൻഗണന നൽകി സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതാണ്. ടി ആവശ്യത്തിലേക്കായി അർഹരായ എല്ലാ ജീവനക്കാർക്കും സോഫ്റ്റ് വെയറിൽ ഒരു മാർക്ക് (1 മാർക്ക്) നൽകേണ്ടതാണ്. |

<u>പട്ടിക-3</u>

| വിഭാഗം | മുൻഗണനാ രീതി |
|---|---|
| 50 ശതമാനമോ അതിലധികമോ ഭിന്നശേഷി ഉള്ള ജീവനക്കാർ | ജീവനക്കാരുടെ ഭിന്നശേഷിയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതാണ്. ഭിന്നശേഷിയുടെ ശതമാനം സമാനമാവുന്ന സാഹചര്യത്തിൽ കൂടുതൽ സ്റ്റേഷൻ സീനിയോറിറ്റി ഉള്ള ജീവനക്കാരന് മുൻഗണന നൽകുന്നതാണ്. |

പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സ്ഥലംമാറ്റ അപേക്ഷകളുടെ പരിശോധനയ്ക്കായി ചുമതലപെടുത്തിയിട്ടുള്ള ജീവനക്കാർ അപേക്ഷയോടൊപ്പമുള്ള രേഖകൾ കൃത്യമായി പരിശോധിച്ച് മേൽ പറഞ്ഞ മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നതാണെന്ന് ഉറപ്പുവരുത്തി അർഹമായ മാർക്ക് സോഫ്റ്റ് വെയറിൽ രേഖപെടുത്തേണ്ടതും അംഗീകാരത്തിനായി അപ്രൂവർക്ക് അയക്കേണ്ടതുമാണ്.

ജില്ലാതലത്തിൽ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്ക് അനുകമ്പ/പ്രത്യേക മുൻഗണനകൾക്ക് അർഹരായവർക്ക് മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് ജില്ലാ സ്ഥലംമാറ്റ അധികാരി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. മുൻഗണന അവകാശപെട്ട് ജീവനക്കാർ ഹാജരാക്കുന്ന രേഖകൾ ജില്ലാ തലത്തിൽ പരിശോധിച്ച് മുൻഗണന നിശ്ചയിക്കേണ്ടതാണ്.

M.G. RAJAMANICKAM IAS

PRINCIPAL DIRECTOR

**പകർപ്പ്:**

1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖേന).

I/6433/2023

2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
4. തദ്ദേശസ്വയംഭരണ (ERA) വകുപ്പ്.
5. വെബ് സൈറ്റ്.
6. കരുതൽ/അധികം.

Signed by
M.g. rajamanickam Ias
Date: 13-04-2023 14:34:39